# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6395 21.11.2019 ൽ മറുപടിക്ക്
### ശബരിമല പാക്കേജിൽ ഉൾപ്പെടുത്തിയ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.എം. മുകേഷ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ശബരിമലയിലെ തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ശബരിമല പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി ഹൈക്കോടതി നിർദ്ദേശിച്ച റോഡുകൾ ഏതെല്ലാമായിരുന്നു; | (എ) ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച റോഡുകൾ താഴെപറയുന്നവയാണ്.<br>1.മണ്ണാറകുളഞ്ഞി വടശ്ശേരിക്കര പൂവത്തുംമൂട്, പ്ലാപ്പള്ളി,ചാലക്കയം റോഡ്.<br>2.എരുമേലി, മുക്കൂട്ടുതറ, പമ്പാവാലി, കാരമല, തുലാപ്പള്ളി, പ്ലാപ്പള്ളി റോഡ്.<br>3.എരുമേലി, മുക്കട, ഇടമൺ, അത്തിക്കയം,പൂവത്തുംമൂട് റോഡ്.<br>4.പ്ലാപ്പള്ളി, അങ്ങാമൂഴി, ചിറ്റാർ, വടശ്ശേരിക്കര റോഡ്.<br>5.ചെങ്ങന്നൂർ പന്തളം, കടക്കാട്, കൈപ്പട്ടൂർ, പത്തനംതിട്ട റോഡ്.<br>6.ചെങ്ങന്നൂർ, ആറന്മുള, പത്തനംതിട്ട റോഡ്.<br>7.പന്തളം, അടൂർ. തട്ട, കൈപ്പട്ടൂർ, പത്തനംതിട്ട റോഡ്.<br>8.തിരുവല്ല, ഇരവിപേരൂർ, കോഴഞ്ചേരി, പത്തനംതിട്ട റോഡ്.<br>9.റാന്നി, ചെത്തോംകര, അത്തിക്കയം റോഡ്.<br>10.റാന്നി, മന്ദ്രാംപടി, വടശ്ശേരിക്കര റോഡ്.<br>11.റാന്നി, പ്ലാച്ചേരി, മുക്കട റോഡ്യ<br>12.കൊട്ടാരക്കര, അടൂർ റോഡ്.<br>13.കോഴഞ്ചേരി റാന്നി റോഡ്.<br>14.പുനലൂർ, പത്തനാപുരം, മൈലപ്പാറ റോഡ്.<br>15.പുനലൂർ, തെന്മല, ആര്യങ്കാവ് റോഡ്.<br>16.തെന്മല,കുളത്തുപ്പുഴ റോഡ്.<br>17.ചാലക്കയം പമ്പ റോഡ്. |
| (ബി) ശബരിമല ഉത്സവകാലത്തിനു മുമ്പ് പ്രവൃത്തി പൂർത്തീകരിച്ച മറ്റു പ്രധാന റോഡുകളും അനുബന്ധ റോഡുകളും ഏതെല്ലാമായിരുന്നു; വ്യക്തമാക്കുമോ? | (ബി) ശബരിമല ഉത്സവകാലത്തിനുമുൻപ് പുരോഗമിക്കുന്നതും പൂർത്തീകരിച്ചതുമായ മറ്റു പ്രധാന റോഡുകളുടെ പ്രവൃത്തി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br>**പത്തനംതിട്ട ജില്ല**<br>തങ്ക-അങ്കി കടന്നുപോകുന്ന പാതകളായ കോഴഞ്ചേരി |

മാർക്കറ്റ്-മരോട്ടിമുക്ക്-മേലുകര-കീഴുകര റോഡ്, മൈലപ്ര-മേക്കൊഴൂർ-ഇടക്കര റോഡ്, ഏഴംകുളം-ഏനാത്ത് റോഡ് എന്നീ റോഡുകളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കായംകുളം-പത്തനാപുരം റോഡ് കി.മീ 36/420-42/500 വരെ 6.08 കി.മീ ബിസി ഓവർലെ യും, 27/050-36/120 വരെ ഡ്രൈനേജ് പ്രവർത്തിയും ആരംഭിച്ചു. റോഡുകൾ ഗതാഗതയോഗ്യമാണ്.

**കോട്ടയം ജില്ല**

കോട്ടയം ജില്ലയിലെ പ്രധാന റോഡായ ചങ്ങനാശ്ശേരി-വാഴൂർ റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. മറ്റക്കര-കുമണ്ണൂർ റോഡിലെയും, ഏറ്റുമാനൂർ-പൂഞ്ഞാർ റോഡിലെയും പ്രവൃത്തികൾ പൂർത്തീകരണത്തോടടുക്കുന്നു.

**ഇടുക്കി ജില്ല**

പീരുമേട്-ദേവീകുളം റോഡ്, മൂന്നാർ-കുമിളി റോഡ്, നോർത്തേൺ ഔട്ട് ലെറ്റ് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഇവയുടെ പണി പൂർത്തീകരിച്ചു വരുന്നു. പുളിയൻമല-കമ്പംമെട്ട് റോഡ് പണി പൂർത്തീകരിച്ചു.

ആലപ്പുഴ ജില്ല

ശബരിമല ഉത്സവത്തിന് മുൻപ് അമ്പീരത്തുപ്പടി-കുത്തിയതോട് റോഡ്, കോയിക്കൽമുക്ക്-കുത്തിയതോട് റോഡ് ബി.എം& ബി.സി ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൃഷ്ണപുരം-ചൂനാട് റോഡ് ബി.എം പൂർത്തീകരിച്ചു. കോട്ടപ്പുഴക്കൽ -തഴവ റോഡിൽ ഡബ്ല്യൂ.എം.എം പൂർത്തീകരിച്ചു.

**കൊല്ലം ജില്ല**

കൊല്ലം ജില്ലയിലെ കൊല്ലം ജില്ല-മൈലം-പട്ടാഴി റോഡ് കൊല്ലം ജില്ല-കല്ലുവാതുക്കൽ-ചെങ്കുളം-വേളമാന്നൂർ റോഡ് എന്നീ റോഡിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിൽ സഞ്ചാരയോഗ്യമാണ്.

**തിരുവനന്തപുരം ജില്ല**

വഴയില-പാലോട് റോഡ്, മണ്ണന്തല-തൈക്കോട് റോഡ് എന്നീ റോഡുകളിലെ നവീകരണപ്രവൃത്തികൾ നടന്നുവരുന്നു.

**എറണാകുളം ജില്ല**

മൂവാറ്റുപുഴ-അച്ചൻ കവല റോഡ്, മുളംതുരുത്തി-കാഞ്ഞിരമറ്റം റോഡ്, പേപ്പാത്തിപ്പാറ എന്നീ റോഡുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**